"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കാസർഗോഡ് ജില്ലയിൽ പി.എം.ജി.എസ്.വൈ III പ്രകാരം നിർമാണം പൂർത്തീകരിച്ച പാക്കേജ് നമ്പർ കെ.ആർ 05-61 പൈക്ക-മല്ലം-ബോവിക്കാനം റോഡിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1520/2025/LSGD തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:- 1. കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയറുടെ 03.08.2023 ലെ 40/DB4/2021-22/KSRRDA നമ്പർ കത്ത്.

2.കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയറുടെ 22.05.2024, 08.10.2024 തീയതികളിലെ KSRRDA/39/2023-B നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പിഎം.ജി.എസ്.വൈ.-III പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ 31.05.2023 ൽ നിർമാണം പൂർത്തീകരിച്ച പാക്കേജ് നമ്പർ കെ.ആർ 05-61, പൈക്ക-മല്ലം-ബോവിക്കാനം റോഡിന്റെ ചെയിനേജ് 1.690-ൽ വലത് വശത്തായുള്ള ഏകദേശം 12 മീറ്റർ ഉയരം വരുന്ന കട്ടിംഗിൽ നിന്നുമുള്ള മണ്ണ്, 07.07.2023-ന് പെയ്ത തീവ്ര മഴയിൽ റോഡിലേയ്ക്ക് ഇടിഞ്ഞു വീണ് ഡ്രൈനേജ് അടയുകയും. തൽഫലമായി മഴവെള്ളം റോഡിന്റെ എതിർദിശയിലേക്ക് കുത്തിയൊഴുകി ഏകദേശം 5 മീറ്റർ താഴയുള്ള പാർശ്വഭാഗം 20 മീറ്ററോളം നീളത്തിൽ തകർന്നു കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും ഭീഷണിയായിട്ടുണ്ടെന്നും ആയത് അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കേണ്ടതിനായി 30 മീറ്റർ നീളത്തിൽ ആർ.സി.സി.പാർശ്വഭിത്തിയും അനുബന്ധ പ്രവർത്തികളും ആവശ്യമാണെന്നും കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയർ പരാമർശം (1), (2) പ്രകാരം അറിയിക്കുകയും പ്രസ്തുത പ്രവർത്തികൾക്കായി 18% GST ഉൾപ്പെടെ 44 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിക്കുകയും ഭരണാനുമതി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. Maintenance Period ആയതിനാൽ ഇതിനുള്ള ചെലവ് PMGSY Additional State Share ൽ നിന്നും കണ്ടെത്താവുന്നതാണെന്നും ചീഫ് എഞ്ചിനിയർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.ജി.എസ്.വൈ.III പദ്ധതിപ്രകാരം കാസർഗോഡ് ജില്ലയിൽ നിർമാണം പൂർത്തീകരിച്ച പാക്കേജ് നമ്പർ കെ.ആർ 05-61 പൈക്ക-മല്ലം-ബോവിക്കാനം. റോഡിന്റെ പാർശ്വഭിത്തി നിർമാണത്തിനായി കെഎസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയർ സമർപ്പിച്ച 44,00,000/- (നാൽപ്പത്തി നാല് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചുകൊണ്ടും പ്രസ്തുത പ്രവർത്തിക്കു ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

Copy to: ചീഫ് എഞ്ചിനീയർ,കെ.എസ്.ആർ.ആർ.ഡി.എ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (30.04.2025 ലെ 2539217/DEV-3/149/2023-Fin പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 20-06-2025 13:16:43
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി